# തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

## വാർഷിക ബഡ്ജറ്റ് 2020–21

## ബഡ്ജറ്റ് പ്രസംഗം

കേരളം അസാധാരണവും അത്യന്തം ഗൗരവകരവുമായ ഒരു സാഹചര്യത്തെ അഭിമുഖീകരിക്കുന്ന സന്ദർഭത്തിലാണ് ജില്ലാ പഞ്ചായത്തിന്റെ ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. മാർച്ച് 31–ന് മുമ്പ് ബഡ്ജറ്റ് അവതരിപ്പിച്ച് ഭരണ സമിതിയുടെ അംഗീകാരം വാങ്ങേണ്ടത് ഭരണ സ്തംഭനം ഒഴിവാക്കാനും ഭരണ ഘടനാപരമായ ഉത്തരവാദിത്വം നിറവേറ്റാനും അനിവാര്യമാണ് എന്നത് കൊ ാണ് ഈ സന്നിദ്ധ ഘട്ടത്തിൽ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന സുരക്ഷാ ക്രമീകകരണങ്ങളോടെ ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നത്.

ലോകമാകെ വിറങ്ങലിച്ചുപോയ ഒരു മഹാമാരിയുടെ മുമ്പിലാണ് നാം നിൽക്കുന്നത്. മാനവരാശി കെട്ടിയുയർത്തിയ സങ്കൽപ്പഗോപുരങ്ങൾ തകർന്നുവീഴുകയും മാനവികതയുടെ മഹാ സന്ദേശങ്ങൾ കാഹളം ഉണർത്തുകയും ചെയ്യുന്ന കാലഘട്ടമാണിത്. ശാസ്ത്രത്തിന്റെ തേരിലേറി ലോകം കുതിക്കുമ്പോൾ ഏത് മഹാമാരിയേയും ചെറുക്കാൻ സജ്ജമായി അതിജീവനത്തിന്റെ അനുഭവപാഠങ്ങളുമായി കേരളം ഒരുമയോടെ നവകേരള സൃഷ്ടിക്കായി കരുതലുമായി നിൽക്കുന്നു. വയലാർ പാടിയതുപോലെ

**''കേരളം ഒന്നാകാൻ വിരിയുന്ന**
**ചാരുമയാവുക നാം**
**ഞാണുമുറുക്കുക നാം നവോദയ**
**ഗാനമുയർത്തുക നാം''**

ഈ ഭരണ സമിതിയുടെ കാലയളവിലെ അഞ്ചാമത്തേയും അവസാനത്തേതുമായ ബഡ്ജറ്റാണിത്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ആധാരശിലയായ ജില്ലാപദ്ധതി എന്ന സങ്കല്പം ഈ പതിമൂന്നാം പദ്ധതി കാലത്ത് യാഥാർത്ഥ്യമായി കഴിഞ്ഞിട്ടു ്. ജില്ലാപദ്ധതിയുടെ നിർദ്ദേശങ്ങൾ സമാഹരിച്ച് ജില്ലയിലെ ഒരു

വികസന കാഴ്ചപ്പാടും രൂപീകരിക്കുന്നതിനുവേ ി ജില്ലാ ആസൂത്രണ സമിതി സംഘടിപ്പിച്ച വികസനോത്സവം ജില്ലയിലെ ചരിത്രത്തിലെ ആദ്യ സംഭവമായി മാറി. തദ്ദേശ സ്ഥാപനങ്ങളുടെ 4 വർഷക്കാലത്തെ വികസന മാതൃകകൾ പരിചയപ്പെടുത്തിയ റിയാൽറ്റി ഷോയിൽ ഗ്രാമ നഗര വികസനത്തിന് പുതിയ ദിശാബോധം നൽകിയ വിദഗ്ധൻമാർ അണിനിരന്ന സെമിനാറുകളും ജില്ലാ വികസനത്തിന് വലിയ പ്രചോദനമാണ് പകർന്ന് നൽകിയത്. ജില്ലാ സെമിനാറുകൾ മുന്നോട്ടുവച്ച നിരവധി വികസനപദ്ധതികളും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 12 ഇനപരിപാടിയും 2020–21 വർഷത്തെ ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിക്കും ബഡ്ജറ്റിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടു ്. കഴിഞ്ഞ നാലു വർഷവും ഈ കൗൺസിൽ പാസ്സാക്കിയ ബഡ്ജറ്റുകൾ തിരുവനന്തപുരം ജില്ലയുടെ സമഗ്ര വികസനത്തിന് വഴി തുറന്ന നൂതന ആശയങ്ങളുടെയും മാതൃകാ പദ്ധതികളുടെയും മാർഗ്ഗരേഖ കൂടിയായിരുന്നു. വിദ്യാഭ്യാസ രംഗത്ത് ജില്ലാ പഞ്ചായത്ത് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് ജില്ലയിലെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റി തീർക്കുന്നതിനാണ് ഊന്നൽ നൽകികൊ ിരിക്കുന്നത്.

ജില്ലയിലെ എല്ലാ വിദ്യാലയങ്ങളിലേയും എല്ലാ ക്ലാസ് മുറികളിലും ലൈബ്രറി എന്ന ആശയം രാജ്യത്തിന്റെ ചരിത്രത്തിലെ തന്നെ ആദ്യത്തെ സംഭവം എന്ന് അഭിമാനത്തോടെ അവകാശപ്പെടാൻ കഴിയും. കാർഷികമേഖലയിലും ക്ഷീരോൽപ്പാദന മേഖലയിലും വ്യക്തമായ പുരോഗതി കൈവരിച്ച പദ്ധതികൾ നടപ്പിലാക്കാനായി സാമൂഹ്യക്ഷേമ രംഗത്ത് വിശപ്പു രഹിതമെന്ന ആശയവുമായി നാം നടപ്പിലാക്കിയ പാഥേയം തുടങ്ങിയ പദ്ധതികളും ഏറെ ജനപിന്തുണ നേടി കഴിഞ്ഞു. ആരോഗ്യ രംഗത്ത് ജില്ലാ ആശുപത്രികളുടെ സൗകര്യവും നിലവാരവും ഉയർത്തുന്നതിനും, സെക്കന്ററി പാലിയേറ്റീവ് പ്രവർത്തനം വിപുലീകരിക്കുന്നതിനും നിരവധി പദ്ധതികളാണ് വിജയകരമായി നടപ്പിലാക്കി കൊ ിരിക്കുന്നത്.

നാലു വർഷമായി ജില്ലാപഞ്ചായത്ത് നടപ്പിലാക്കി കൊ ിരിക്കുന്ന സ്നേഹധാര എന്ന പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥയ്ക്ക് സംസ്ഥാന സർക്കാരിന്റെ പ്രതിഭാ പുരസ്കാരം ലഭിച്ച കാര്യം ഈ സന്ദർഭത്തിൽ എടുത്തുപറയേ താണ്. നിർമ്മാണ രംഗത്ത് മുമ്പ് ഏത് കാലത്തെയും അപേക്ഷിച്ച് വലിയ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടു ്. ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലും വിവിധ തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

നടപ്പിലാക്കാൻ സാധിച്ചു. ജില്ലയിൽ നൂറോളം ഗ്രന്ഥശാലകൾക്കാണ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഫ ് ഈ കാലയളവിൽ അനുവദിച്ചിട്ടുള്ളത്. റോഡ് നവീകരണം പല പഞ്ചായത്തുകളിലും പൂർണ്ണമാക്കാൻ സാധിച്ചു.

2017–18 ലെ മഹാ പ്രളയത്തിലും, 2018–19–ലു ായ ഉരുൾപ്പൊട്ടലിലും വെള്ളപൊക്കത്തിലും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടത്തിയ പ്രവർത്തനവും വൻതോതിൽ പൊതു സമൂഹത്തിന്റെ അംഗീകാരം നേടിയെടുക്കാനായി. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ആസൂത്രണസമതിയുമായ് ചേർന്ന് 73 ഗ്രാമപഞ്ചായത്തുകളിലും 11 ബ്ലോക്ക് പഞ്ചായത്തുകളിലും കളക്ഷൻ സെന്ററുകൾ ആരംഭിച്ച് അവിടങ്ങളിൽ നിന്നും ശേഖരിച്ച സാധനങ്ങൾ ജില്ലാ പഞ്ചായത്തിൽ സംഭരിക്കുകയും ചെയ്തു. ജില്ലാ കളക്ഷൻ സെന്ററിൽ സ്ത്രീകൾ അടക്കമുള്ള ജില്ലാ പഞ്ചായത്തിന്റെയും ഡിപി.സിയുടെയും ജീവനക്കാരും മെമ്പർമാരും ഒരുമിച്ച് കൈകോർത്ത് കൊ ും ജില്ലയിലെ വിവിധ കോളെജുകളിലെ വിദ്യാർത്ഥികൾ , എൻ.എസ്.എസ് വോള ിയർമാർ സന്നദ്ധ പ്രവർത്തകർ കലാ സാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവരുടെയെല്ലാം സഹകരണത്തോടുകൂടി 24 മണിക്കൂറും പ്രവർത്തിച്ചു. മലപ്പുറം, വയനാട്, കോഴിക്കോട്, ആലപ്പുഴ ജില്ലകളിലും 82 ലോഡ് ആവശ്യ സാധനങ്ങൾ എത്തിക്കുകയും അവശേഷിച്ച സാധനങ്ങൾ എസ്.എം.വി സ്കൂളിലെ കളക്ഷൻ സെന്ററിലേക്ക് മാറ്റുകയും ചെയ്തു. ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ നിലമ്പൂർ, പോത്തുകൽ ഗ്രാമപഞ്ചായത്തിലെ വീടുകളും കിണറുകളും വൃത്തിയാക്കുന്നതിന് ഇരുന്നൂറോളം വോള ിയർമാരും ജില്ലാ പഞ്ചായത്തിലെ ഫാമുകളിലെ മുപ്പതോളം ജീവനക്കാരുടെ സാഹായത്തോടു കൂടി നടത്തിയ ശുചീകരണ പ്രവർത്തനങ്ങൾ ഈ അവസരത്തിൽ എടുത്ത് പറയേ താണ്.

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് ആദ്യമായി ദേശീയ അവാർഡായ ദീൻ ദയാൽ ഉപാദ്ധ്യായ ശാക്തീകരണ പുരസ്കാരം കഴിഞ്ഞ വർഷം ലഭിച്ചത് അഭിമാനത്തോടെ ചൂ ിക്കാണിക്കുന്നു. കേരളത്തിലെ മികച്ച ജില്ലാ പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി ര ാം തവണയും നമുക്ക് ലഭിച്ചത് ഈ ജില്ലാ പഞ്ചായത്തിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് പ്രചോദനമായി മാറുമെന്ന് കരുതാം. ഈ അംഗീകാരങ്ങളിലൂടെ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ പ്രവർത്തന മികവ് ഒന്ന് കൂടി അരക്കിട്ടുറപ്പിക്കാൻ കഴിഞ്ഞു എന്നത് ഏവർക്കും

സന്തോഷം പകരുന്ന കാര്യമാണ്. ഇതിന് നേതൃത്വം നൽകിയ ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃപാടവവും നിശ്ചയദാർഢ്യവും ഈ മഹനീയ നേട്ടങ്ങളിൽ നമുക്ക് മുതൽക്കൂട്ടാണ്. മെമ്പർമാരുടെ കൂട്ടായ സഹകരണവും ജീവനക്കാരുടെ അർപ്പണ മനോഭാവത്തോടെയുള്ള പ്രവർത്തനവും ഈ ചരിത്രനേട്ടം കൈവരിക്കുന്നതിന് നമുക്ക് മുതൽക്കൂട്ടായി. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സന്ദർശിച്ചിട്ടുള്ള ജനപ്രതിനിധികൾക്കും ഓഫിഷ്യൽസിനും വികസന പ്രവർത്തനങ്ങളുടെ ഈ മികവ് വേറിട്ട കാഴ്ച്ചയായിരുന്നു.

ജില്ലാ പഞ്ചായത്തിന്റെ ഇത്തവണത്തെ ബഡ്ജറ്റ് അക്ഷരാർത്ഥത്തിൽ ജെന്റർ ബഡ്ജറ്റാണ്. പദ്ധതികളിലൂടെ കടന്നു പോയാൽ ആക്കാര്യം വ്യക്തമാവും. വനിതകളുടെ സാമൂഹ്യവും സാമ്പത്തികവുമായ വളർച്ചയും സാമൂഹ്യമായ സുരക്ഷക്കും ഉതകുന്ന പദ്ധതികൾക്കാണ് പ്രത്യേകിച്ച് കാർഷിക സേവന മേഖലകളിൽ ഊന്നൽ നൽകിയിട്ടുള്ളത്. ട്രാൻസ് ജെൻഡേഴ്സിനുവേ ിയും പ്രത്യേക പദ്ധതികൾ കെ ത്തിയിട്ടു ്. ആകെ ഫ ിന്റെ പകുതിയിലധികം വനിതാ സൗഹൃദ പദ്ധതികൾക്ക് നീക്കിവച്ചിരിക്കുകയാണ്.

സാരഥി എന്ന പദ്ധതിയിലൂടെ 4 കോടി രൂപ മുടക്കി തെരഞ്ഞെടുക്കപ്പെട്ട 26 സ്കൂളുകളിൽ സ്കൂൾ ബസ് വിതരണം നടത്തുന്ന പദ്ധതി ആദ്യമായിട്ടാണ് ജില്ലാപഞ്ചായത്ത് നടപ്പിലാക്കിയത്.

ജില്ലാപഞ്ചായത്തിന്റെ ഒരു സ്വപ്ന പദ്ധതിയാണ് **സ്നേഹതുമ്പി.** ജില്ലയുടെ ജനസംഖ്യയിൽ 9% മാണ് ബാല ജനസംഖ്യ. 2001–ൽ അത് 11 % ആയിരുന്നു. ബാലജനസംഖ്യ കുറഞ്ഞുവരുന്നതായിട്ടാണ് ഇത് കാണിക്കുന്നത്. നമ്മുടെ ജില്ലയെ സമ്പൂർണ്ണമായി ബാലസൗഹൃദ ജില്ലയാക്കി മാറ്റുന്നതിനായി രൂപം നൽകിയ പദ്ധതിയാണ് സ്നേഹത്തുമ്പി. കുട്ടികളുടെ അവകാശങ്ങൾക്കായി പ്രവർത്തിക്കുന്ന എല്ലാ സർക്കാർ വകുപ്പുകളും പദ്ധതികളും സ്ഥാപനങ്ങളും സംഘടനകളും എല്ലാപേരും കൈകോർത്ത് സമഗ്രവും സമ്പൂർണ്ണവുമായ ബാലസൗഹൃദ പ്രവർത്തനങ്ങൾക്ക് രൂപം നൽകും. എല്ലാ കുട്ടികളുടെയും അതിജീവനം, വികസനം, സംരക്ഷണം പങ്കാളിത്തം എന്നീ അവകാശങ്ങൾ ഉറപ്പു വരുത്തുന്നതിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ. ആരോഗ്യം, വിദ്യാഭ്യാസം സുരക്ഷിതമായ കുടിവെള്ളം ശചീകരണം എന്നീ അവകാശങ്ങളും ദുരുപയോഗം, ചൂഷണം

എന്നിവയിൽ നിന്നുള്ള സംരക്ഷണം തുടങ്ങി കുട്ടികളുടെ കലാകായിക സർഗ്ഗവാസനകൾക്ക് വേദിയൊരുക്കുന്ന മാതൃകാപദ്ധതിയാണ് ജില്ലാപഞ്ചായത്ത് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയ്ക്കായി 2020–21–ൽ മുപ്പത്തിയാറ് ലക്ഷത്തി അൻപതിനായിരം രൂപ വകയിരുത്തുന്നു.

'**സർഗ്ഗവായന സമ്പൂർണ്ണവായന**" എന്ന പദ്ധതി ചരിത്രത്തിലാദ്യമായി ഒരു ജില്ലയിലെ എല്ലാ ക്ലാസ് മുറികളിലും ലൈബ്രറി സജ്ജീകരിച്ച് രാജ്യത്തിനുതന്നെ മാതൃക സൃഷ്ടിക്കാൻ നമുക്ക് കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിലെ 988 സ്കൂളുകളിലെ 10601 ക്ലാസ്സ് മുറികളിലും ക്ലാസ്സ് റൂം ലൈബ്രറികൾ സജ്ജീകരിച്ചുകഴിഞ്ഞു. ഈ പദ്ധതിക്കുവേണ്ടി ഇതിനകം ജനപങ്കാളിത്തത്തോടെ എട്ട് ലക്ഷത്തോളം പുസ്തകങ്ങൾ ശേഖരിച്ചു കഴിഞ്ഞു.

കേരളം കൈകോർത്ത സാക്ഷരതാ യജ്ഞത്തിനു ശേഷം തലസ്ഥാന ജില്ല കണ്ട മറ്റൊരു അക്ഷരയജ്ഞം. സർവ്വശിക്ഷാ അഭിയാൻ വിദ്യാഭ്യാസ വകുപ്പും ജില്ലാ ലൈബ്രറി കൗൺസിലിന്റെയും സഹകരണത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. അക്ഷരതൊപ്പിയും അണിഞ്ഞ് അക്ഷരദീപം തെളിച്ച് അക്ഷരഗീതം ആലപിച്ച് അക്ഷര പ്രതിജ്ഞ എടുത്ത് പതിനായിരത്തോളം കുട്ടികളും രക്ഷിതാക്കളും അദ്ധ്യാപകരും അണിനിരന്ന അപൂർവ്വ അനുഭവം കേരളത്തിന്റെ പ്രിയ മുഖ്യമന്ത്രിയാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. വായനയുടെ വസന്തം തീർക്കാൻ തുടർ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകേണ്ടതുണ്ട്. വായനോത്സവങ്ങളും ക്ലാസ് റൂം ക്വിസ് മത്സരങ്ങളും വായനയ്ക്കുള്ള പുരസ്കാരങ്ങളും നടപ്പിലാക്കണം. പുറമേ എല്ലാ സ്കൂളുകൾക്കും ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങാൻ 10,000/– രൂപ വീതം നൽകുന്നു. ഈ പ്രവർത്തനങ്ങൾ സ്കൂൾ ലൈബ്രേറിയൻമാരുടെ ഓണറേറിയത്തിനായി 60 ലക്ഷം രൂപ നീക്കി വയ്ക്കുന്നു. ലൈബ്രേറിയൻമാരുടെ ഓണറേറിയം 500/– രൂപ വർദ്ധിപ്പിച്ച് 7,500/– രൂപയാക്കുന്നു. മൊത്തം 75 ലക്ഷം രൂപ നീക്കിവക്കുന്നു.

കേരളം കണ്ട ഏറ്റവും വലിയ ജനകീയ പാർപ്പിട പദ്ധതിയായി **ലൈഫ്** മാറിക്കഴിഞ്ഞു. സംസ്ഥാനത്ത് ഇതിനോടകം 2 ലക്ഷത്തി 15000 പരം വീടുകൾ പൂർത്തീകരിച്ചു കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിൽ 2 ഘട്ടങ്ങളായി 37693 പേർക്കാണ് പാർപ്പിടം ലഭിച്ചത്. 32000 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി. 30000 പേരെ പങ്കെടുപ്പിച്ചു നടത്തിയ ലൈഫ് കുടുംബ സംഗമം തലസ്ഥാന നഗരം കണ്ട അത്യപൂർവ്വ ജനസംഗമമായി മാറി. ബഹു മുഖ്യമന്ത്രി ശ്രീ. പിണറായി സംഗമം ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ വർഷം ജില്ലാപഞ്ചായത്ത് ഫണ്ടിൽ നിന്നും 18 കോടി രൂപ നീക്കി വച്ചിരുന്നു. 2020–21 ലും ഈ പദ്ധതിയ്ക്ക് ഇരുപത്തി രണ്ടു കോടി രൂപ വകയിരുത്തുന്നു.

ഈ ഭരണ സമിതി അധികാരത്തിൽ വന്നതുമുതൽ ജില്ലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി ആവിഷ്കരിച്ച് പദ്ധതികൾ വിവിധ മേഖലകളിൽ തുടരേണ്ടതുണ്ട്. അതിൽ എറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് **ജലശ്രീ**. ജില്ലയുടെ മൊത്തം ഭൂവിസ്തൃതിയുടെ 4391 ഹെക്ടർ പുഴകളും തടാകങ്ങളും കായലുകളുമാണ്. മഴയും പുഴയും മണ്ണും ജലവും സംരക്ഷിക്കുക മാലിന്യ മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ രൂപം നൽകിയ പദ്ധതിയാണിത്. 2020–21 ലും ഈ പദ്ധതിയ്ക്ക് ഒരുകോടി ഒരു ലക്ഷം രൂപ വകയിരുത്തുന്നു. ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ലേബർ ബഡ്ജറ്റിന്റെ വിഹിതം കൂടി ഉൾപ്പെടുത്തി 200 കോടിയാണ് ജലശ്രീ പദ്ധതിയുടെ മൊത്തം അടങ്കൽ.

ജില്ലയിൽ 2672 ഹെക്ടർ സ്ഥലം തരിശു ഭൂമിയാണ്. ഇതിൽ 133 ഹെക്ടർ സ്ഥലത്ത് തരിശ്ശു നിലം/കരഭൂമി തെരഞ്ഞെടുക്കപ്പെട്ട കർഷക ഗ്രൂപ്പുകൾ വഴി കൃഷിയ്ക്ക് യോഗ്യമാക്കുന്ന പദ്ധതിയായിരുന്നു ജൈവസമൃദ്ധി. ഇതിലൂടെ ജില്ലയിലെ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ വിഷരഹിത പച്ചക്കറികളുടെ ഉദ്പ്പാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. ഇത്തവണ ഇത് 200 ഹെക്ടർ തരിശു ഭൂമിയിൽ കൂടി വ്യാപിപ്പിച്ച് പച്ചക്കറിക്കു പുറമേ ഗ്രൂപ്പടിസ്ഥാനത്തിൽ വാഴകൃഷിയും പ്ലാൻ ചെയ്യുന്നു. **സഫല** എന്ന പദ്ധതിക്കുണ്ടി വേണ്ടി 1 കോടി രൂപ അനുവദിക്കുന്നു.

കേദാരം സമഗ്ര നെൽകൃഷി വികസനം എന്ന പദ്ധതിയിലൂടെ ജില്ലയിലെ ആയിരം ഹെക്ടറോളം വരുന്ന സ്ഥലത്ത് നെൽകൃഷി നടത്തിവരുന്നു. ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ പരിസ്ഥിതി സംരക്ഷണം ജൈവവൈവിദ്ധ്യ സംരക്ഷണം, ജലസംരക്ഷണം എന്നിവ സാദ്ധ്യമായി 2020–21 ൽ ഈ പദ്ധതിയ്ക്കായി മൂന്ന് കോടി രൂപ വകയിരുത്തുന്നു.

സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ഹരിത കേരളം മിഷന്റെ ലക്ഷ്യത്തെ ഉൾക്കൊണ്ടുകൊണ്ട് കാർഷിക മേഖലയിൽ ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച സംയുക്ത പദ്ധതിയാണ് **ഹരിത ഭവനം**. ഹരിതഭവനം പദ്ധതിക്കുവേണ്ടി 10 ലക്ഷം രൂപ അനുവദിക്കുന്നു.

കർഷകരുടെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും ജൈവ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുമുള്ള വിപണന കേന്ദ്രങ്ങൾ ജില്ലാപഞ്ചായത്ത് സ്ഥാപിച്ചു കഴിഞ്ഞു. സംഭരണവും വിപണനവും തുടരേണ്ടതുണ്ട് ഇതിനുവേണ്ടി ജില്ലാപഞ്ചായത്തിന്റെ

നാല് വിപണന കേന്ദ്രങ്ങളിലൂടെ  ഈ പ്രവർത്തനം സംഘടിപ്പിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തുന്നു.

തണൽ എന്ന പദ്ധതിയിലൂടെ ഫലവൃക്ഷ തൈകൾ വിതരണം ചെയ്യുന്നതിലും ഔഷധ കൃഷിയുടെ വ്യാപനത്തിലും ജില്ലാപഞ്ചായത്ത് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ആദ്യത്തെ വർഷം 5 ലക്ഷം വൃക്ഷതൈകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിരുന്നു. എന്നാൽ വിതരണം ചെയ്ത തൈകളെല്ലാം നട്ടു പരിപാലിക്കാൻ നമുക്ക് കഴിഞ്ഞില്ല. ഈ പോരായ്മ പരിഹരിച്ച് ജില്ലയിൽ ഗുണനിലവാരമുള്ള 10 ലക്ഷം ഫലവൃക്ഷതൈകൾ നട്ടു പരിപാലിക്കാനാണ് പദ്ധതി. നടീലും പരിപാലനവും ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലൂടെ സാദ്ധ്യമാക്കും. തൊഴിലുറപ്പ് ഫണ്ട് ഉൾപ്പെടെ **തണൽ** പദ്ധതിക്കുവേണ്ടി രണ്ട് കോടി രൂപ ഇതിനുവേണ്ടി നീക്കി വയ്ക്കുന്നു.

ശുദ്ധമായ പാലിന്റെ ട്രേഡ്മാർക്കായി മാറിയതാണ് ജില്ലാ പഞ്ചായത്തിന്റെ **ഗ്രീൻമിൽക്ക്**. ഗ്രാമ നഗര വികസനങ്ങളുടെ ഇടയിൽ ഏറെ ജനപ്രിയമായി മാറിയിരിക്കുന്ന ഗ്രീൻമിൽക്കിന്റെ വിതരണ ശൃംഖല കൂടുതൽ വിപുലികരിക്കണം ഇതിനുവേ   ി ഒരു മിൽക്ക് വാൻ വാങ്ങുന്നതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

തിരുവനന്തുപുരം ജില്ലയെ മുട്ട ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ ചെറ്റച്ചൽ ജഴ്സി ഫാം മുഖേന നടപ്പിലാക്കിയ പദ്ധതിയാണ് ഹാച്ചറി യൂണിറ്റ്. മാസത്തിൽ 30000 കോഴികുഞ്ഞുങ്ങളുടെ ഉല്പാദന ശേഷിയുള്ള സംരംഭമാണ് ഗുണനിലവാരമുള്ള മുട്ടക്കോഴികളും ഇറച്ചി കോഴികളും കർഷകർക്ക് ലഭ്യമാക്കുന്ന ഈ പദ്ധതിക്ക് ഈ വർഷം 10 ലക്ഷം രൂപ കൂടി വകയിരുത്തുന്നു.

വിശപ്പുരഹിത കേരളം എന്ന ആശയം മുന്നോട്ടുവച്ച് കേരള സർക്കാർ മുന്നേറുകയാണ്. ഈ ആശയം 2016 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് തിരുവനന്തപുരം ജില്ലാപഞ്ചായത്ത്. വിശപ്പുരഹിത ജില്ല എന്ന ലക്ഷ്യം മുൻനിർത്തി 2016–17 മുതൽ തിരുവനന്തപുരം ജില്ലാപഞ്ചായത്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് **പാഥേയം.** നിരാലംബരായവർക്ക് കുടുംബശ്രീ വഴി പൊതിച്ചോറ് വീട്ടിലെത്തിച്ചുകൊടുക്കുന്ന ഈ പദ്ധതി ജില്ലയിലെ ഏറ്റവും മികച്ച ജീവകാരുണ്യ പദ്ധതിയായി ജനങ്ങൾ അംഗീകരിച്ചുകഴിഞ്ഞു. 73 ഗ്രാമപഞ്ചായത്തുകളിലായി ആകെ 6592 പേർക്കാണ് ദിനംപ്രതി പൊതിച്ചോറ് വീടുകളിലെത്തുന്നത്. 4 വർഷത്തിനിടയിൽ ജില്ലയിൽ ഇതുവരെ എഴുപത് ലക്ഷത്തി എണ്ണായിരത്തി അഞ്ഞൂറ്റി എൻപത്  ഭക്ഷണ പൊതികൾ വിതരണം ചെയ്തുകഴിഞ്ഞു. ഇതൊരു

ചരിത്രനേട്ടം തന്നെയാണ്. ഈ വർഷം ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് ഈ പദ്ധതി നടപ്പിലാക്കുന്നതിന് 3 കോടി 25 ലക്ഷത്തി അൻപതിനായിരം രൂപ വകയിരുത്തുന്നു. ഈ വർഷം മുതൽ പഞ്ചായത്തുകളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന ജനതാ ഹോട്ടലുകളുമായി ഈ പദ്ധതിയെ സംയോജിപ്പിക്കും.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ നമ്മുടെ ഇടയിലുണ്ട്. ഈ കുഞ്ഞുങ്ങളുടെ ശുശ്രൂഷയും പരിപാലനവും രക്ഷകർത്താക്കളുടെയും, കുടുംബങ്ങളുടെയും ഇടയിൽ ചില വിഷമതകൾ സൃഷ്ടിക്കുന്നുണ്ട്. അവരെക്കൂടി സ്നേഹത്തോടെ നമ്മോടൊപ്പം ചേർത്ത് നിർത്താനും അവരുടെ ഭാവി ജീവിതം ശോഭനമാക്കാനും ഉദ്ദേശിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് "**സ്നേഹസ്പർശം**' ഈ ഗണത്തിൽപ്പെടുന്ന മൂവായിരത്തോളം കുട്ടികളാണ് ജില്ലയിലുള്ളത്. ഓരോ കുട്ടിക്കും വർഷത്തിൽ പരമാവധി 28,500/-രൂപ വരെ നൽകുന്നതാണ് ഈ സ്കോളർഷിപ്പ് പദ്ധതി. 2020-21 സാമ്പത്തിക വർഷം 2 കോടി രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. ഇതുനുപുറമെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പഠനസഹായി, ലാപ്ടോപ്പ് കംപ്യൂട്ടറുകൾ എന്നിവയും നൽകുന്നു. ഇതിനുവേണ്ടിയും തുക നീക്കിവച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ ഏറ്റവും ബൃഹത്തായ ചികിത്സാപദ്ധതിയാണ് '**സ്നേഹധാര**'. ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയവ ബാധിച്ച കുട്ടികളുടെ അസുഖങ്ങൾ ലഘൂകരിക്കുന്നതിന് ഉതകുന്ന മാതൃകാപദ്ധതിയാണ് സ്നേഹധാര. വളരെയധികം പ്രശംസ നേടിക്കഴിഞ്ഞ പദ്ധതിയാണിത്. ആയൂർവ്വേദ ചികിത്സ, ബിഹേവിയറൽ തെറാപ്പി, സ്പീച്ച് തെറാപ്പി എന്നിവയും സംയോജനത്തിലൂടെയുള്ള സമഗ്ര ചികിത്സാപദ്ധതിയായിട്ടാണ് ഇത് നടപ്പാക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ വിവിധ സാറ്റ്ലൈറ്റ് കേന്ദ്രങ്ങളിൽ വച്ച് നടക്കുന്ന ക്യാമ്പിലൂടെ കണ്ടെത്തുന്ന ഇത്തരം കുട്ടികളെ പൂജപ്പുര ആയൂർവ്വേദ ആശുപത്രിയിൽ സജ്ജീകരിച്ചിട്ടുള്ള പ്രത്യേക വാർഡിൽ കിടത്തി ചികിത്സിക്കുന്നു. ഈ പദ്ധതി നടത്തുന്നതിന് വേണ്ടി 75 ലക്ഷം രൂപ വകയിരുത്തുന്നു.

തിരുവനന്തപുരം ജില്ലയിലെ കിഴക്കൻ പ്രദേശം മലയോര മേഖലയാണ് അഗസത്യാർകൂടം ഉൾപ്പെടുന്ന പശ്ചിമഘട്ടമലനിരകളിൽ നിരവധി പട്ടികവർഗ്ഗ സങ്കേതങ്ങളുണ്ട്. വിദൂര പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്ന ആദിവാസി കുട്ടികൾക്ക് പഠനം ഇന്നും ഒരു വെല്ലുവിളിയാണ്. പലപ്പോഴും കൃത്യമായി സ്കൂളിൽ എത്തിച്ചേരാൻ കഴിയാറില്ല. പ്രകൃതിക്ഷോഭങ്ങളും വന്യമൃഗങ്ങളുടെ ശല്യവും

പ്രതിസന്ധി സൃഷ്ടിക്കുന്നു. അതുകൊണ്ട് തന്നെ ഈ മേഖലയിൽ കൊഴിഞ്ഞുപോക്ക് താരതമ്യേന കൂടുതലാണ്. ഗോത്രസാരഥി പോലുള്ള പദ്ധതികളിലൂടെ സംസ്ഥാന സർക്കാർ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഈ കുട്ടികളുടെ പഠന നിലവാരം ഉയർത്താനും പ്രത്യേക ട്യൂഷൻ നൽകാനുമായി രാത്രികാല പഠനക്ലാസ്സുകൾ നടത്തുന്ന പദ്ധതിയാണ് **'വനജ്യോതി'.** പഠിതാക്കൾക്ക് ലഘുഭക്ഷണം, പഠനോപകരണം എന്നിവ വാങ്ങി നൽകലും, ഈ പദ്ധതിയിൽപ്പെടുന്നു.

തിരുവനന്തപുരം ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയായ **വിദ്യാജ്യോതി** കൂടി ചേരുമ്പോൾ നമ്മുടെ പൊതുവിദ്യാഭ്യാസ രംഗത്തിന് പുത്തനുണർവിന്റെ പാതയൊരുക്കലാണ്. പത്താംക്ലാസ്, പ്ലസ് ടു റിസൾട്ട് 100 ശതമാനത്തിൽ എത്തിക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണിത്. പ്രത്യേകമായി തയ്യാറാക്കിയ പാഠപുസ്തകങ്ങളും നോട്ടുകളും ഇതിന്റെ ഭാഗമായി കുട്ടികൾക്ക് വിതരണം ചെയ്യുന്നു. അതോടൊപ്പം പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ വിഷമങ്ങൾ പരിഹരിക്കുന്നതിനായി അധികസമയം ബോധനവും നൽകിവരുന്നു. കഴിഞ്ഞ 4 വർഷവും എസ്.എസ്.എൽ.സി. പ്ലസ് ടു പരീക്ഷകളുടെ വിജയ ശതമാനത്തിൽ മാറ്റമുണ്ടാക്കിയ ഈ പദ്ധതിക്ക് ഈ വർഷം 20 ലക്ഷം രൂപ നീക്കിവയ്ക്കുന്നു. കേരള സർക്കാരിന്റെ നാല് മിഷനുകളിൽ സവിശേഷ ശ്രദ്ധ നേടുന്ന ഒന്നാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യഞ്ജം. ഈ യഞ്ജം വിജയിപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലാപഞ്ചായത്തും പ്രതിജ്ഞാബന്ദമാണ്. തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സർക്കാർ സ്കൂളുകളും മികവിന്റെ കേന്ദ്രങ്ങളാക്കി മാറിക്കൊണ്ടിരിക്കുന്നു. സ്കൂളുകൾക്ക് പുതിയ കെട്ടിടം, ഹൈടെക്, ടോയിലറ്റ് സജ്ജീകരണങ്ങൾ ലാബ് സൗകര്യം വർദ്ധിപ്പിക്കൽ പുതിയ കളിസ്ഥല നിർമ്മാണം, സ്പോർട്സ്, ഉപകരണങ്ങൾ വാങ്ങി നൽകൽ, ബയോഗ്യാസ് പ്ലാന്റ്, സ്ടോപ്പിക്കൽ പാചകപ്പുര നിർമ്മാണം, സ്റ്റേജുകളുടെയും ഓഡിറ്റോറിയങ്ങളുടെയും നിർമ്മാണം, ആവശ്യത്തിന് ഫർണിച്ചറുകളും, കമ്പ്യൂട്ടറുകളും സജ്ജമാക്കൽ തുടങ്ങിയ വികസന പദ്ധതികളിലൂടെ നമ്മുടെ പൊതുവിദ്യാലയങ്ങൾ ഇന്ന് അന്തർദേശീയ നിലവാരത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ നാട്ടിലെ സ്കൂളുകളുടെ 4 വർഷം മുമ്പുണ്ടായിരുന്ന അവസ്ഥയും നിലവിലെ സ്കൂളിന്റെ സ്ഥിതിയും താരതമ്യം ചെയ്താൽ ഇത് ശരിയാണെന്ന് ബോധ്യപ്പെടും.

RMSA, SSK പൊതുവിദ്യാഭ്യാസ സംരക്ഷണയഞ്ജം കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളും ഉൾപ്പെട്ട് നൂറുകണക്കിന് കോടി രൂപയുടെ വൻ

വികസനമാണ് ഈ രംഗത്ത് നടക്കുന്നത്. ജില്ലാപഞ്ചായത്തിന്റെ വികസനഫണ്ടിന്റെയും തനത് ഫണ്ടിന്റെയും മുഖ്യമായ വിനിയോഗവും ഈ മേഖലയിൽ തന്നെയാണ്.

കൗമാരക്കാരായ നമ്മുടെ പെൺകുട്ടികൾ ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ കൂടാതെ എല്ലാ ദിവസവും സ്കൂളുകളിൽ എത്തുന്നതിനും അതിലൂടെ അവരുടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവസാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളാണ് 'മാനസ' എന്ന ഹൈടെക് ഗേൾസ് അമിനിറ്റി സെന്ററുകളും, 'മാനസപ്ലസ്' എന്നിവയും. വളരുന്ന കുട്ടികളുടെ സ്പനങ്ങളൊടൊപ്പം വളരുന്ന വികസന കാഴ്ചപ്പാടാണ് ഈ രംഗത്ത് ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്നത്. നാപ്കിൻ വെന്റിംഗ് മെഷീൻ, ഇൻസിനറേഷൻ സൗകര്യം ഉൾപ്പെടെ വിപുലമായ സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ഗേൾസ് അമിനിറ്റി സെന്ററുകൾ ഇന്ന് ഓരോ പൊതുവിദ്യാലയത്തിനും സ്വന്തം. ഇതോടൊപ്പം സ്നേഹിത പദ്ധതിയിലൂടെ നിയമിക്കപ്പെടുന്ന സ്കൂൾ കൗൺസിലർമാരുടെ മാർഗ്ഗ നിർദ്ദേശങ്ങളും ഉപദേശങ്ങളും നമ്മുടെ കുട്ടികളുടെ സ്പനങ്ങൾക്ക് നിറച്ചാർത്ത് നൽകി ശരിയുടെ വഴിയിലൂടെ അവരെ മുന്നോട്ടുനയിക്കുന്നു. **മാനസ, മാനസപ്ലസ്** എന്നീ പദ്ധതികൾക്ക് 50 ലക്ഷം രൂപയും **സ്നേഹിത** പദ്ധതിക്ക് 10 ലക്ഷം രൂപയും നീക്കി വയ്ക്കുന്നു.

ലോക റിക്കോർഡ് സ്ഥാപിച്ച തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ പദ്ധതിയാണല്ലോ '**രക്ഷ**' തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ സ്കൂളുകളിലെ പെൺകുട്ടികൾക്ക് നടപ്പാക്കുന്ന കാരാട്ടെ പരിശീലന പദ്ധതിയായ രക്ഷയിലൂടെ തിരുവനന്തപുരം ജില്ലാപഞ്ചായത്തിന് ഗിന്നസ് വേൾഡ് ബുക്കിൽ ഇടം നേടാൻ കഴിഞ്ഞു. പ്രസ്തുത പദ്ധതി ഒരു തുടർച്ചയാണ് നാളെയുടെ വാഗ്ദാനങ്ങളായ നമ്മുടെ പെൺമക്കൾക്ക് വേണ്ടി ഇന്നിന്റെ കരുതലാണ്. പെൺകുട്ടികൾക്ക് കായികക്ഷമത നേടാനുള്ള വ്യായാമവും ആത്മവിശ്വാസത്തോടുകൂടിയ പ്രവർത്തനവും പ്രദാനം ചെയ്യുന്ന രക്ഷ പദ്ധതിക്കുവേണ്ടി 16 ലക്ഷം രൂപ വകയിരുത്തുന്നു.

ഇതോടൊപ്പം ചേർത്ത് വയ്ക്കേണ്ട ഒന്നാണ് ആൺകുട്ടികൾക്കായി നടപ്പിലാക്കുന '**ദിശ**' പദ്ധതി. തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 8,9,11 ക്ലാസ്സുകളിലെ ആൺകുട്ടികൾക്ക് യോഗ ക്ലാസ്സ് നൽകി അവരെ ലക്ഷ്യബോധവും ശാരീരികക്ഷമതയും ഉള്ളവരാക്കി വളർത്തിയെടുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. മദ്യം, മയക്കുമരുന്ന് തുടങ്ങിയ പ്രലോഭനങ്ങലിലേക്ക് നമ്മുടെ കുഞ്ഞുങ്ങൾ ആകർഷിക്കാതിരിക്കാൻ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഒരു തുടർ

പദ്ധതിക്കായി **'ദിശ'** 16 ലക്ഷം രൂപ ഈ വർഷവും പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

നമ്മുടെ മലയോരമേഖല അതിസമ്പന്നമായ ഒരു ആവാസവ്യവസ്ഥ നിലനിന്നിരുന്ന പ്രദേശങ്ങളാണ്. പക്ഷെ കാടുകൾ നാടുകളായും നാടുകൾ നഗരങ്ങളായുമുള്ള പരിണാമത്തിൽ ജീവിത സാഹചര്യങ്ങൾ നഷ്ടപ്പെട്ട ആദിവാസി ജനതയുടെ ജീവിത രീതികളിൽ ഒട്ടേറെ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. യുവതലമുറ ഒരു ചെറിയ വിഭാഗമാണെങ്കിലും മദ്യത്തിനും മറ്റ് ലഹരി വസ്തുക്കൾക്കും അടിമകളായി മാറുന്നു. അവരെ അതിൽനിന്നും മോചിപ്പിക്കുന്നതിനും സമൂഹത്തിന്റെ പൊതുധാരയിലേക്ക് കൊണ്ടുവരേണ്ട തായിട്ടുണ്ട്. ആദിവാസി യുവാക്കളിലെ ചിന്താശേഷി വർദ്ധിപ്പിക്കുന്നതിനും അവരിലെ ക്രിയാശേഷിയും സർഗ്ഗവാസനയും പ്രോത്സാഹിപ്പിക്കുന്നതിന് കഴിയുന്ന തരത്തിൽ ലൈബ്രറികൾ, ക്ലബ്ബുകൾ എന്നിവ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് **'വെട്ടം'.** തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ വെട്ടം പദ്ധതി ആദിവാസി യൗവ്വനത്തിന് ഒരു തുയിലുണർത്തുപാട്ടാണ്. പ്രസ്തുത പദ്ധതിക്കായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പരമ്പരാഗത കൈത്തൊഴിലുകളായ ഈറ, മുള, പനയോല എന്നിവ ഉപയോഗിച്ചുള്ള കരകൗശല നിർമ്മാണ ഗൃഹോപകരണ നിർമ്മാണം നടത്തിയിരുന്ന ജനസമൂഹം ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. ഇവർക്കാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യമാണ് ഒരു കാരണം. ഇവർ ഉത്പാദിപ്പിക്കുന്ന വസ്തുക്കളുടെ സംഭരണവും വിപണനവും ഒരു വെല്ലുവിളിയാണ്. ഇവർക്ക് തൊഴിൽ പരിശീലനവും ഉത്പന്നങ്ങളുടെ സംഭരണവും ഉറപ്പാക്കുന്ന കേന്ദ്രങ്ങൾ ആരംഭിക്കണം. ഈറ്റ ഉപയോഗിച്ച് വൻതോതിൽ ചവർകുട്ടകൾ നിർമ്മിച്ച് വിതരണം ചെയ്യാൻ കഴിയും. ഇത്തരത്തിലുള്ള കേന്ദ്രങ്ങൾക്കും ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും സംഭരണത്തിനുമായി ഈ വർഷം 1 കോടി രൂപ നീക്കിവയ്ക്കുന്നു.

തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വെഞ്ഞാറമൂട്, കൊറ്റാമം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കെയർഹോമുകളിൽ നടപ്പാക്കുന്ന സംയോജിത മാതൃകാ കൃഷിതോട്ട നിർമ്മാണം ഒരു പുതിയ പരീക്ഷണം കൂടിയാണ്. പച്ചക്കറി കൃഷിതോട്ടത്തോടൊപ്പം മത്സ്യകൃഷി, ഗോശാല, ആട്, കോഴി എന്നിവ ഉൾപ്പെടുന്ന സംയോജിത കൃഷിതോട്ടം ഒരുക്കത്തിലൂടെ അന്തേവാസികളുടെ

ശീരീരികവും മാനസികവുമായ ആരോഗ്യം ഉറപ്പുനൽകുന്നു. ഫാം തെറാപ്പി കൂടി നടപ്പിലാക്കുന്നതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

തിരുവനന്തപുരം ജില്ലാപഞ്ചായത്തിലും ഘടകസ്ഥാപനങ്ങൾക്കും തുമ്പൂർമൂഴി മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് ഒരുക്കുന്നതിന് 55 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് 46,13,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

വിശപ്പുരഹിത കേരളം എന്ന് കാഴ്ചപ്പാടോടെ സംസ്ഥാന സർക്കാർ കുടുംബശ്രീ മുഖാന്തിരം നടപ്പിലാക്കുന്ന ജനകീയ ഹോട്ടലുകൾ നൂതനമായ ഒരു സംരംഭമാണ്. ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ജില്ലയിലെ ഗ്രാമീണമേഖലയിൽ ആരംഭിക്കുന്ന 75 ജനകീയ ഹോട്ടലുകൾക്ക് സഹായധനമായി 7.5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ആരോഗ്യമുള്ള പൗരൻമാരാണ് ഒരു നാടിന്റെ ഏറ്റവും വലിയ സമ്പത്ത്. ജീവിതശൈലീരോഗങ്ങളായിരുന്നു നമ്മെ അലട്ടിക്കൊണ്ടിരുന്നുവെങ്കിൽ ഇന്ന് നാം മഹാമാരിക്കെതിരായ പ്രതിരോധവുമായി നിൽക്കുകയാണ്. ആധുനിക വൈദ്യശാസ്ത്രവും നമ്മുടെ രോഗപ്രതിരോധ സംവിധാനങ്ങളും ആതുര ശുശ്രൂഷ രംഗവും സുസംഘടിതമാകേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ അത്യാധുനിക സംവിധാനങ്ങൾ ഒരുക്കുക വഴി ഗ്രാമീണ ജനതയാണ് നൂതനവും അത്യാധുനികവുമായ ആതുരശുശ്രൂഷ അനുഭവേദ്യമാക്കുന്നു. ഇതോടൊപ്പം ജില്ലയിലെ പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഊർജ്ജം പകരുന്നതിന് വിതുര, പേരൂർക്കട, നെടുമങ്ങാട് എന്നിവിടങ്ങളിൽ സെക്കന്ററി പാലിയേറ്റീവ് വാർഡുകൾ സജ്ജമാക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്.

വൃക്ക രോഗങ്ങളാൽ വിയർപ്പുമുട്ടുന്ന ആയിരക്കണക്കിന് രോഗികൾ നമ്മുടെ ജില്ലയിൽ ഉണ്ട്. ആഴ്ചയിൽ രണ്ടുമൂന്നു തവണ ഡയാലിസിസ് ചെയ്യേണ്ടിവരുന്നവരാണ് വലിയൊരു വിഭാഗം. സാമ്പത്തിക ക്ലേശം അനുഭവിക്കുന്നതിനാൽ ഇതിൽ നല്ലൊരു വിഭാഗത്തിനും കൃത്യമായ പരിചരണം ലഭിക്കുന്നില്ല. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ആവശ്യമായ മരുന്നിനുവേണ്ടിയുള്ള സഹായം നൽകേണ്ടതുണ്ട്. മെഡിക്കൽ റിപ്പോർട്ട് അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട രോഗികൾക്ക് ഡയാലിസിസിനും മരുന്നിനുമുള്ള സഹായം കൈമാറും. '**ആശ്വാസ്**'

പദ്ധതി ഒരു വലിയ ആശ്വാസം തന്നെയായിരിക്കും. ഇതിനുവേണ്ടി 50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ആധുനിക സാങ്കേതികവിദ്യ നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി മാറ്റിക്കൊണ്ട് സ്മാർട്ട് ക്ലാസ്സ് റൂമുകളും ഹൈടെക് ബോധന രീതികളുമൊക്കെ കേരളത്തിൽ നിലവിൽ വന്നുകഴിഞ്ഞു. ജനപ്രിയ മാധ്യമമായിട്ടുള്ള സിനിമയെ കുട്ടികൾക്ക് പരിചയപ്പെടുത്താനും സിനിമയുടെ സാങ്കേതികമായ വിവിദ മേഖലകൾ അവർക്ക് പരിചയപ്പെടുത്താനും ലക്ഷ്യമിട്ട് ജില്ലാപഞ്ചായത്ത് വിജയകരമായി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതിയാണ് **'സെല്ലുലോയിഡ്'**. ഈ വർഷം പദ്ധതിക്കായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

എം.എൻ. ലക്ഷംവീട് പദ്ധതി പ്രകാരം വീട് ലഭിച്ചിട്ടുള്ള ജില്ലയിലുള്ളവർക്ക് വീട് നവീകരണത്തിനുവേണ്ടി ആവിഷ്കരിച്ച "**ന്യൂ ലൈഫ്**" എന്ന പദ്ധതി കഴിഞ്ഞ വർഷം 33 പഞ്ചായത്തുകളിലാണ് നടപ്പിലാക്കിയത്. ജില്ലയിൽ അവശേഷിക്കുന്ന ലക്ഷംവീട് കോളനികൾ കൂടി ഈ പദ്ധതിയിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്. "**ന്യൂ ലൈഫ്**" ഈ വർഷം തുടങ്ങുന്നതിനുവേണ്ടി 74 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

കലാരംഗത്ത് പുത്തനുണർവ്വ് നൽകിയ പദ്ധതിയാണ് കൂത്തമ്പലം. തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾക്കും ലൈബ്രറികൾക്കും ചെണ്ട, ബാൻർ, ശിങ്കാരിമേളം, പഞ്ചവാദ്യം തുടങ്ങിയ വാദ്യമേളങ്ങളിൽ പരിശീലനവും, വാദ്യോപകരണങ്ങൾ വാങ്ങി നൽകലുമാണ് **"കൂത്തമ്പലം".** ഈ പദ്ധതി കഴിഞ്ഞ 4 വർഷവും ശ്രദ്ധേയമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷവും പദ്ധതി തുടരുന്നു. അതിനുവേണ്ടി 20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ക്ഷീരോത്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് **ക്ഷീരസമൃദ്ധി**. ജില്ലയിലെ ക്ഷീര കർഷകർക്ക് ഏറെ സഹായകമായ പാലിന്റെ സബ്സിഡി ഗ്രാമ–ബ്ലോക്ക്–ജില്ലാപഞ്ചായത്തും ഡിപാർട്ട്മെന്റും ചേർന്ന് 1 ലിറ്റർ പാലിന് 4 രൂപ വീതം സബ്സിഡി നൽകുന്ന ഈ പദ്ധതി ജില്ലയിൽ വിജയകരമായി നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഒരു സംയുക്ത പദ്ധതിയാണ്. ഈ വർഷം പദ്ധതിക്കുവേണ്ടി 1 കോടി 55 ലക്ഷം രൂപ നീക്കി വയ്ക്കുന്നു. ക്ഷീരോത്പാദനം വർദ്ധിപ്പിക്കാനും ക്ഷീര ഉൽപാദകരെ സഹായിക്കാനും ലക്ഷ്യമിടുന്ന പദ്ധതിയാണ് ക്ഷീര കർഷകർക്ക് റിവോൾവിംഗ് ഫണ്ട്. ഈ വർഷം പദ്ധതിക്കായി 1 കോടി രൂപ നീക്കി വയ്ക്കുന്നു.

സ്കൂളുകളിലും പൊതു സ്ഥാപനങ്ങളിലും പാഴായി പോകുന്ന ജലത്തെ ആധുനിക ശുചീകരണ യന്ത്രങ്ങളുടെ സഹായത്തോടെ ശുചീകരിച്ച് പുനരുപയോഗത്തിന് സജ്ജമാക്കുന്ന പദ്ധതിയാണ് **തെളിമ**. ഈ പദ്ധതിക്കായി 50 ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

കാലാവസ്ഥാ നിരീക്ഷണത്തിനായി ജില്ലയിലെ പ്രത്യേക മേഖലകളിൽ ഓട്ടോമാറ്റിക് വെതർ സ്റ്റേഷൻ സ്ഥാപിക്കുകയും ജില്ലാപഞ്ചായത്തിലെ ഇലക്ട്രോണിക് കൺട്രോൾ സിസ്റ്റത്തിലൂടെ വിവരശേഖരണം നടത്തുകയും ചെയ്യുന്ന പദ്ധതിയാണിത്. ഈ പദ്ധതിക്കായി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളിൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു കേന്ദ്രത്തിൽ കംമ്പ്യൂട്ടറും മറ്റ് ആധുനിക ഉപകരണങ്ങളും സ്ഥാപിച്ച് കരിയർ ഗൈഡൻസും യുവജനങ്ങൾക്കുള്ള കൗൺസിലിംഗും പേഴ്സണാലിറ്റി ഡവലപ്മെന്റ് ട്രെയിനിംഗും വിഡിയോ കോൺഫറൻസിലൂടെ മത്സര പരീക്ഷകൾക്ക് വേണ്ടിയുള്ള കോച്ചിംഗ് എന്നിവ സജ്ജീകരിച്ച് **ലക്ഷ്യ** എന്ന യൂത്ത് ഗൈഡ് സെന്ററുകൾക്കുവേണ്ടി 45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനാവശ്യമായ കെട്ടിടവും സൗകര്യങ്ങളും ഗ്രാമപഞ്ചായത്തിലോ, ലൈബ്രറികളിലോ ക്രമീകരിക്കും.

ഗ്രാമപഞ്ചായത്തുകളിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗനവാടികളിൽ വനിതകൾക്ക് വ്യായാമത്തിനു വേണ്ടി മിനി ജിംനേഷ്യവും യോഗാപരിശീലനത്തിനും സൗകര്യത്തോടെ സജ്ജീകരിക്കുന്ന ഫിറ്റ്നസ് സെന്ററുകളും ഗ്രാമീണ മേഖലയിൽ വനിതകൾക്ക് ഇത് വലിയ തോതിൽ സഹായകരമായി തീരുന്ന നൂതന പദ്ധതിയാണ് **സ്മൈൽ ക്ലബ്ബ്**. ഇതിനായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ജില്ലയിലെ ഗ്രാമ–ബ്ലോക്ക് പഞ്ചായത്തുകൾ സംഘടിപ്പിക്കുന്ന അംഗൻവാടി കലോത്സവത്തിന് ജില്ലാപഞ്ചായത്ത് വിഹിതം അനുവദിക്കുന്നതിനായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ജില്ലയിലെ ലൈബ്രറി കൗൺസിൽ അംഗീകരിച്ച 100 ഗ്രന്ഥശാലകൾക്ക് ഫർണിച്ചറുകളും പുസ്തകങ്ങളും നൽകുന്ന പദ്ധതിയാണ് **ഗ്രന്ഥപ്പുര.** ഇതിനായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ചിട്ടുള്ള മെഡിക്കൽ, എഞ്ചിനീയറിംഗ്, ബിരുദം, ബിരുദാനന്ദര ബിരുദം, പോളി ടെക്നിക്, മറ്റു എല്ലാ സർക്കാർ അംഗീകൃത കോഴ്സുകൾ (ഐ.റ്റി.ഐ, ജി.എൻ.എം, ഡി.ഫാം. ഡി.എഡ്

തുടങ്ങിയവ) എല്ലാതരം കോഴ്സുകളിലേക്കും യോഗ്യത നേടി പഠനം നടത്തിവരുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തേക്കും മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണ് **വിക്ടറി.** ഈ വർഷം 2 കോടി രൂപ ഈ പദ്ധതിക്കുവേണ്ടി വകയിരുത്തിയിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിന് നിലവിലുള്ള 800 ച.അടി. അധികരിക്കാത്ത വീടിനോട് ചേർന്ന് 120 ച.അടിയിൽ അധികരിക്കാതെ **പഠനമുറി** നിർമ്മിക്കുന്നതിനായി ഒരു ഗുണഭോക്താവിന് 2 ലക്ഷം രൂപ ക്രമത്തിൽ 166 ഗുണഭോക്താക്കൾക്ക് 3 കോടി 32 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ദേശീയതലത്തിലും സംസ്ഥാനതലത്തിലും മികച്ച ജില്ലാപഞ്ചായത്തായി തെര്ഞ്ഞെടുത്തതിന്റെ അവാർഡ് തുക ഉപയോഗിച്ച് രണ്ട് 108 ടൈപ്പ് ആംബുലൻസുകളും പാലിയേറ്റീവ് കെയർ ഫണ്ടുപയോഗിച്ച് ഒരു ആംബുലൻസും ഉൽപ്പെടെ 3 ആംബുലൻസുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 90 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

പ്രകൃതി ദുരന്തങ്ങളെ നേരിടുവാൻ ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന് ജില്ലയിൽ വിപുലമായ ദുരന്തനിവാരണ സേന സജ്ജീകരിക്കുന്ന പദ്ധതിയാണ് **മിത്രം**. ജില്ലാപഞ്ചായത്ത് തെഞ്ഞെടുക്കപ്പെട്ട 500 വോളന്റീയർമാരെ പരിശീലിപ്പിക്കുന്നു. ഗ്രാമപഞ്ചായത്തിൽ 14600 ഓളം വോളന്റീയർമാർക്ക് പരിശീലനം നൽകുന്നു. ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് 15000 സംയുക്തസേന രൂപീകരിക്കലാണ് ലക്ഷ്യം. ഇതിനായി 25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കഴിഞ്ഞ നാല് വർഷത്തെ വിലപ്പെട്ട അനുഭവസമ്പത്തും വിപുലമായ വികസന കാഴ്ചപ്പാടും ഈ ഭരണ സമിതിയുടെ അഞ്ചാമത്തെയും അവസാനത്തേതുമായ ബഡ്ജറ്റിൽ പ്രതിഫലിച്ചിട്ടുണ്ട്. വ്യക്തമായ ലക്ഷ്യബോധത്തോടെയും അതിലുമുയർന്ന ചാരുതാർത്ഥ്യത്തോടെയും ജില്ലയുടെ സമഗ്ര വികസനത്തിന് നേതൃത്വം നൽകാൻ കഴിഞ്ഞു എന്ന് നിസ്സംശയം പറയാൻ കഴിയും. മഹാകവി വള്ളത്തോൾ എഴുതിയത് ഈ സന്ദർഭത്തിൽ അർത്ഥപൂർണ്ണമാവും എന്ന് നമുക്ക് പ്രതീക്ഷിക്കാം.

**''ഭൂതകാലത്തിൻ പ്രഭാവതന്തുക്കളാൽ**
**ഭീതിമത്താമൊരു ഭാവിയെ നെയ്കനാം**
**വാസരാന്തത്തിൽ കതിർകളിൽ നിന്നല്ലോ**
**ഭാസുരമാകുമുഷസ്സിന്റെയുത്ഭവം''**

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് 2020–21 ബജറ്റിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഹിതമായ 425 കോടി രൂപയും കൂടി ചേർത്ത് **705,34,92,126/–** രൂപ (എഴുന്നൂറ്റി അഞ്ച് കോടി മുപ്പത്തി നാല് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി ഒരുന്നൂറ്റി ഇരുപ്പതി ആറ് രൂപ) വരവും, **686,98,44,000/–** രൂപ (അറുന്നൂറ്റി എൺപത്തി ആറ് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി നാൽപ്പത്തി നാലായിരം രൂപ) ചെലവും **18,36,48,126/–** രൂപ (പതിനെട്ട് കോടി മുപ്പത്തി ആറ് ലക്ഷത്തി നാൽപ്പത്തിഎണ്ണായിരത്തി ഒരുന്നൂറ്റി ഇരുപത്തി ആറ് രൂപ) നീക്കി ബാക്കിയുമുള്ള 2020–21 വർഷത്തേയ്ക്കുള്ള തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ ബഡ്ജറ്റ് ബഹുമാനപ്പെട്ട അംഗങ്ങളുടെ സജീവമായ ചർച്ചയ്ക്ക് വിധേയമാക്കി തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ 2020–21 വർഷത്തെ വാർഷിക ബഡ്ജറ്റ് അംഗീകാരത്തിനുവേണ്ടി ഈ സഭയിൽ സവിനയം അവതരിപ്പിക്കുന്നു.

……………………..

# തിരുവനന്തപുരം ജില്ലാപഞ്ചായത്ത്
# ബഡ്ജറ്റ് 2020-21

| | |
|---|---|
| ആകെ അടങ്കൽ വരവ് | **705,34,92,126/ -** *(280,34,92,126 + 425 കോടി - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് ജലശ്രീ പദ്ധതിക്ക് 200 കോടിയും സർക്കാരിന്റെ 12 ഇന പരിപാടിയുടെ ഭാഗമായി ജില്ലയിൽ* 20000 കിലോമീറ്റർ തോടുകളുടെ സംരക്ഷണവും നവീകരണവും, മറ്റു ജല സംരക്ഷണ മാർഗ്ഗങ്ങളായ ഫാം പോ ുകൾനിർമ്മിക്കുന്നതിനും, ഫാമുകളിൽ ബഡ് നിലവാരത്തിലുള്ള 5 ലക്ഷം ഫലവൃക്ഷതൈകൾ ഉത്പാദിപ്പിച്ച് തൊഴിലുറപ്പുമായി ചേർന്ന് നടത്തുന്ന പദ്ധതിയും, മറ്റു പദ്ധതി ചിലവുകൾക്കായി തൊഴിലുറപ്പു പദ്ധതിയുമായി ചേർത്തുള്ള വകയിരുത്തലുകളും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഉൾപ്പെടെ) |
| ആകെ അടങ്കൽ ചെലവ് | **686,98,44,000/ -** *(261,98,44,000 + 425 കോടി - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് ജലശ്രീ പദ്ധതിക്ക് 200 കോടിയും സർക്കാരിന്റെ 12 ഇന പരിപാടിയുടെ ഭാഗമായി ജില്ലയിൽ* 20000 കിലോമീറ്റർ തോടുകളുടെ സംരക്ഷണവും നവീകരണവും, മറ്റു ജല സംരക്ഷണ മാർഗ്ഗങ്ങളായ ഫാം പോ ുകൾനിർമ്മിക്കുന്നതിനും, ഫാമുകളിൽ ബഡ് നിലവാരത്തിലുള്ള 5 ലക്ഷം ഫലവൃക്ഷതൈകൾ ഉത്പാദിപ്പിച്ച് തൊഴിലുറപ്പുമായി ചേർന്ന് നടത്തുന്ന പദ്ധതിയും, മറ്റു പദ്ധതി ചിലവുകൾക്കായി തൊഴിലുറപ്പു പദ്ധതിയുമായി ചേർത്തുള്ള വകയിരുത്തലുകളും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഉൾപ്പെടെ) |
| **നീക്കി ബാക്കി** | **18,36,48,126/** |

| പ്രതീക്ഷിക്കുന്ന വരവിന്റെ വിശദാംശങ്ങൾ | | |
|---|---|---|
| 1 | പ്രാരംഭ ബാക്കി | 23,78,56,126/ – |
| 2 | നികുതിയേതര വരുമാനം | 11,87,77,000/ – |
| 3 | വികസന ഫ ് – ജനറൽ | 55,67,40,000/ – |
| 4 | വികസന ഫ ് – എസ്.സി.പി. | 20,87,33,000/ – |
| 5 | വികസന ഫ ് – റ്റി.എസ്.പി. | 1,67,22,000/ – |
| 6 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 49,7297,000/ – |
| 7 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 12,31,54,000/ – |
| 8 | ജനറൽ പർപ്പസ് ഗ്രാന്റ് | 3,84,13,000/ – |
| 9 | പദ്ധതി ചെലവുകൾക്ക് വേ ിയുള്ള മറ്റ് ഗ്രാന്റുകൾ (റവന്യൂ) | 52,58,00,000/ – |
| 10 | പദ്ധതിയേതര ചെലവുകൾക്കുള്ള (റവന്യൂ) ഗ്രാന്റ് | 2,50,00,000/ – |
| 11 | വായ്പ ഇനത്തിലുള്ള മൂലധന വരവുകൾ | 34,00,00,000/ – |
| 12 | വായ്പ ഒഴികെയുള്ള മൂലധന വരവുകൾ | 11,50,00,000/ – |
| 13 | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള (ങഏചഞഋഏട) ഗ്രാന്റുകൾ, പദ്ധതി ചെലവുകൾ | 425,00,00,000/– |
| | **ആകെ വരവുകൾ** | **705,34,92,126/** |

| ചെലവ് വിശദാംശങ്ങൾ | | |
|---|---|---|
| 1 | റവന്യൂ ചെലവ് (അനിവാര്യ ചുമതലകൾ) | 9,70,37,000/- |
| 2 | റവന്യൂ പദ്ധതി ചെലവ് (**MGNREGS** ഉൾപ്പെടെ) | 611,08,07,000/- |
| 3 | റവന്യൂ പദ്ധതിയേതര ചെലവ് | 4,50,00,000/- |
| 4 | മൂലധന ചെലവ് | 61,70,00,000/- |
| | **ആകെ ചെലവ്** | 686,98,44,000/- |
| | **നീക്കി ബാക്കി** | **18,36,48,126/-** |